പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1866 05.10.2016 -ന് മറുപടിയ്ക്ക്

## പിന്നോക്കസമുദായ ക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് പിന്നോക്ക സമുദായക്ഷേമവകുപ്പ് രൂപീകരിച്ചത് എന്നാണ്; ഇതിന്റെ ഡയറക്ടറേറ്റ്, റീജിയണൽ ഡയറക്ടറേറ്റ്, ജില്ലാ ആഫീസുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | G.O.(MS)116/2011/SCSTDD, Dated 19.11.2011 പ്രകാരം സംസ്ഥാന പിന്നോക്ക സമുദായ വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരത്തും, മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങൾ എറണാകുളത്തും കോഴിക്കോട്ടും പ്രവർത്തിക്കുന്നു. |
| ബി) | ഏതൊക്കെ ജാതി വിഭാഗങ്ങളാണ് പിന്നോക്ക സമുദായക്ഷേമ വകുപ്പിന് കീഴിൽ വരുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) | കേരളത്തിലെ ഒ.ബി.സി. പട്ടിക അനുബന്ധം-1 ആയി ചേർക്കുന്നു. |
| സി) | ഒ.ഇ.സി.വിഭാഗത്തിൽ പെടുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിൽ കൃത്യമായി ലഭിച്ച് വന്നിരുന്ന ലംപ്സം ഗ്രാന്റും മറ്റും കഴിഞ്ഞ വർഷം മുതൽ ഇതേവരെ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) & ഡി) | ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ മാനുവലായി വിതരണം ചെയ്തു വന്ന തുക 2015-16 മുതൽ ഓൺലൈനായാണ് അനുവദിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ ദിശയിലുള്ള സാങ്കേതികപ്രശ്നങ്ങൾ മൂലമാണ് വിതരണം വൈകിയത്. പോസ്റ്റ് മെട്രിക്ക് തലത്തിൽ ഇപ്പോഴും പട്ടികജാതി വികസന ഓഫീസുകൾ വഴിയാണ് ആനുകൂല്യം നൽകുന്നത്. ഫണ്ടിന്റെ ലഭ്യതയിൽ ഉണ്ടായ കുറവുമൂലമാണ് ആനുകൂല്യ വിതരണം വൈകിയത്. |
| ഡി) | മുൻപ് പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കിയിരുന്ന ഈ പദ്ധതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിലേക്ക് മാറ്റിയതിന് ശേഷമാണ് ഇത് ലഭിക്കാതെ വന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| ഇ) | ഈ പരാതി പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പിന്നോക്ക സമുദായക്ഷേമവകുപ്പ് മുഖേന നടപ്പാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണെന്ന് ഓരോന്നിന്റെയും വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; | ഇ) | 2016-17-ൽ അനുവദിച്ചിരുന്ന തുക പ്രീമെട്രിക് തലത്തിൽ 14 കോടിയും പോസ്റ്റ്മെട്രിക് തലത്തിൽ 125.6 കോടിയും ആയിരുന്നു. തുക ചെലവഴിച്ചു കഴിഞ്ഞ സാഹചര്യത്തിൽ അധിക ഫണ്ടിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Annexure - I

# LIST OF OTHER BACKWARD CLASSES IN KERALA STATE

## I Throughout the State

1. Agasa
2. Ambalakkaran
3. Anglo Indian4. Aremahrati
5. Arya
6. Bandari
7. Billava
8. Chakkala
9. Chavalakkaran
10.Chetty/ Chetties (Kottar Chetties,Parakka Chetties,Elur Chetties,Attingal Chetties,Pudukkada Chetties,Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties)
11. Devadiga
12. Devanga
13. Dheevara (Arayan,Valan, Nulayan,Mukkuvan,Arayavathi,Valinjiar,Paniakkal,Mukaya,Bovi ,Mukayar and Mukaveeran)
14. Ezhava and Thiyya
15. Ezhavathi
16. Ezhuthachan
17. Ganika
18. Gatti
19. Gowda
20. Hegde
21. Jogi
22. Kadupattan
23. Kaikolan
24. Kolasari, Kalasi Panicker
25. Kalari Kurup or Kalari Panicker
26. Viswakaramas including Asari Chaptegra, Kallassary,Kalthachan,Kammala,Kamsala, Kannan,Karuvan,Kitaran,Kollan,Malayala Kammala, Moosari,Pandikammala,Pandithattan,Perumkolllan,Thachan,Thattan, Vilkurup,Villasan,Viswabrahmanan or Viswabrahmanar and Viswakarmala
27. Kannadiyans
28. Kanisu or Kaniyar Panicker ,Kani or Kaniyan (Ganaka) or Kanisan or Kamnan
29. Kavuthiyan
30. Kavudiyaru
31. Koteyar
32. Krishnanvaka
33. Kerala Mudali
34. Kudumbi
35. Kusavan(Kulala,Kulala Nair,Andhra Nair or Anthuru Nair)
36. Kumbarans
37. Kuruba
38. Latin Catholics
39. Madivalas
40. Mahendra-Medara
41. Maravans
42. Maruthuvar
43. Muslim or Mappila
44. Nadar (Hindu)
45. Naikkans

46. Odans
47. Scheduled Castes Converted to Christianity
48. Pandithars
49. Panniyar
50. Pattariyas
51. Peruvannan (Varanavar)
52. Rajapur
53. Chakravar,Sakravar(Kavathi)
54. Sourashtras
55. Saliya, Chaliya (Chaliyan)
56. Senai Thalavan (Elavaniar)
57. S.I.U.C (Excluding Nadar)
58. S.I.U.C
59. Thachar
60. Tholkollans
61. Thottian
62. Vaduvans,Vadugans,Vadukkars and Vaduka (Vadukans)
63. Velaans (Velaan, Velaar)
64. Vanian (Vanika,Vanika Vaisya,Vanibha Chetty,Vaniya Chettty,Ayiravar, Nagarathar and Vaniyan)
65. Vaniar
66. Vakkaliga
67. Veerasaivas (Yogis and Yogeeswara, Poopandaram/ Malapandaram and Jangam)
68. Veluthedathu Nair (Veluthedan and Vannathan)
69. Vilakkithala Nair (Vilakithalavan)
70. Yadavas (Kolaya, Ayar, Mayar, Maniyani and Iruman)
71. Kongu Navithan, Vettuva Navithan and Aduthon
72. Moopar or Kallan Mooppan or Kallan Mooppar.
73. Kongu Vellala Gounder ( Vellala Gounder,Nattu Gounder,Pala Gounder, Poosari Gounder and Pala Vellala Gounder)

**II In Malabar District**

1. Boyan
2. Ganjan Reddis
3. Visanavan

**III.Throughout the State except Malabar District**

1. Kammara
2. Malayan
3. Malayekandi
4. Reddiars

**IV Throughout the State except Kasaragod Taluk Malabar District**

1. Marati

Explanation :- Malabar District shall mean the Malabar District referred to in sub-section (2) of section 5 of the State Reorganisation Act,1956.

അനുബന്ധം - II

വകുപ്പിന്റെ പദ്ധതികൾ / സ്കീമുകൾ

## A. വിദ്യാഭ്യാസ പരിപാടികൾ

### 1. പ്രീമെട്രിക് സഹായം (ഒ.ഇ.സി)

മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഏറ്റവും പിന്നോക്കം നിൽക്കുന്ന 12 ജാതികളിൽപ്പെട്ട വിദ്യാർത്ഥികളെ മറ്റർഹ സമുദായ വിദ്യാർത്ഥികളായി കണക്കാക്കുകയും അവർക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ സഹായം കൊടുക്കുകയും ചെയ്യുന്നു. സ.ഉ.(കൈ) നമ്പർ. 10/2014/പി.സ.വി.വ തീയതി: 23.05.2014 പ്രകാരം 30 പുതിയ സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാനപരിധിയ്ക്ക് വിധേയമായി ഒ.ഇ.സി ആനുകൂല്യങ്ങൾ അനുവദിയ്ക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പു വഴി നടപ്പിലാക്കിയിരുന്ന ഈ പദ്ധതി 2015-16 മുതൽ പിന്നാക്ക സമുദായ വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കുന്നു. 2016-17-ൽ 300 ലക്ഷം രൂപ ഈ പരിപാടിക്കായി പദ്ധതിയിനത്തിലും 1100 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും വകയിരുത്തിയിട്ടുണ്ട്.

### 2. പോസ്റ്റ്മെട്രിക് സഹായം (ഒ.ഇ.സി)

മറ്റർഹ സമുദായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സഹായം കൊടുക്കുന്നതിനായുള്ള സംസ്ഥാന പദ്ധതിയാണിത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം (കെ.പി.സി.ആർ) സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്ന സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നത് ഇതേ സ്കീമിലൂടെയാണ്. 2016-17-ൽ 2000.00 ലക്ഷം രൂപ പദ്ധതിയിനത്തിലും 10550 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലും ഈ സ്കീമിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി ഇപ്പോഴും പട്ടികജാതി വികസന വകുപ്പ് വഴി നടപ്പാക്കുന്നു.

### 3. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് (സംസ്ഥാന വിഹിതം 50 ശതമാനം)

വാർഷിക വരുമാനം 44500-ൽ കവിയാത്ത ഒന്നു മുതൽ പത്ത് വരെ ക്ലാസ്സിൽ പഠിക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സ്കോളർഷിപ്പാണിത്.

2016-17-ൽ 3200 ലക്ഷം കേന്ദ്രവിഹിതവും 3200 ലക്ഷം സംസ്ഥാനവിഹിതവും ഉൾപ്പെടെ ആകെ 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17-ൽ കേന്ദ്രം നോഷണൽ അലോക്കേഷൻ ആയി 3.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

### 4. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

വാർഷിക വരുമാനം ഒരു ലക്ഷത്തിൽ അധികരിക്കാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 100% കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി. 2016-17-ൽ 5000 ലക്ഷം വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനുള്ളിൽ ഹയർസെക്കന്ററി കോഴ്സുകൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ള പദ്ധതി 2015-16 മുതൽ സംസ്ഥാനത്തിന് പുറത്ത് ദേശീയ പ്രാധാന്യമുള്ള IIT, IIM കേന്ദ്ര സർവ്വകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അർഹരായവർക്കു കൂടി ബാധകമാക്കി. 2016-17-ൽ കേന്ദ്രവിഹിതമായി 22.17 കോടി രൂപ നോഷണൽ അലോക്കേഷൻ അനുവദിച്ചിട്ടുണ്ട്.

5. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ (50% സംസ്ഥാന വിഹിതം)

ഹോസ്റ്റൽ സൗകര്യങ്ങളുടെ അപര്യാപ്തത കാരണം പഠനം തുടരുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന പിന്നാക്ക സമുദായ വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനായി ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. സർവ്വകലാശാലകൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന നൽകുന്നു. ഹോസ്റ്റലിന്റെ നടത്തിപ്പും നിയന്ത്രണവും അതാത് സ്ഥാപനങ്ങൾക്കാണ്.

2016-17-ൽ 400 ലക്ഷം രൂപ കേന്ദ്രവിഹിതവും 400 ലക്ഷം സംസ്ഥാനവിഹിതവും ഉൾപ്പെടെ ആകെ 800 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## B. സാമൂഹ്യ ക്ഷേമ / സാമ്പത്തിക വികസന പരിപാടികൾ

1. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുളള സഹായം

പിന്നാക്ക സമുദായത്തിലെ ചില വിഭാഗങ്ങൾ പരമ്പരാഗത മൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയവരാണ് പരമ്പരാഗത രീതി അവലംബിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട സമാനതരത്തിലുളള ഉൽപ്പന്നങ്ങളുമായി മത്സരിക്കാനാവില്ല. ഈ പരിസ്ഥിതികളിൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് പുതിയ രീതിയിലുളള നിർമ്മാണത്തെക്കുറിച്ച് പരിശീലനം നൽകുകയും ഈ മേഖലയെ നവീകരിക്കുന്നതിനും യന്ത്രവത്ക്കരിക്കുന്നതിനും ആവശ്യമുളള സാമ്പത്തിക സഹായം നൽകുകയും ചെയ്താലേ ഈ മേഖലയിൽ നവീകരണം സാധ്യമാകുകയുളളൂ. ഈ ലക്ഷ്യം മുൻനിർത്തി ഒരു കുടുംബത്തിന് പരമാവധി 50000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. 2016-17-ൽ 170.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

2. അഡ്വക്കേറ്റ് ഗ്രാന്റ്

നിയമരംഗത്ത് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി അഭിഭാഷകരായി പ്രാക്ടീസ് തുടരുന്നതിന് കുടുംബ വാർഷിക വരുമാനം 1,00,000/- രൂപായിൽ അധികരിക്കാത്തവർക്ക് പ്രതിവർഷം 7500/- രൂപാ വീതം മൂന്ന് വർഷത്തേയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നു. 2016-17-ൽ 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 മുതൽ 15000/- രൂപയായി ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനുളള ശുപാർശ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

3. മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് വിദേശ പഠനത്തിനുളള സ്കോളർഷിപ്പുകൾ

മെഡിസിൻ, അഗ്രിക്കൾച്ചർ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽ മാസ്റ്റർ ബിരുദ കോഴ്സുകൾ ചെയ്യുന്ന തെരഞ്ഞെടുത്ത 20 പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപ എന്ന പരിധിക്ക്

വിധേയമായി പരമാവധി 10 ലക്ഷം രൂപാ വരെ സാമ്പത്തിക സഹായം ഈ പദ്ധതി വഴി അനുവദിക്കുന്നു.

വിമാനചാർജ്ജുകൾ, കോഴ്സ് ഫീസ്, മെയിന്റനൻസ് അലവൻസുകൾ, സാമഗ്രികൾ വാങ്ങിക്കുവാനുള്ള അലവൻസുകൾ, പോൾ നികുതി, വിസ ഫീസ്, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ ചെലവുകൾ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം ലഭ്യമാണ്.

2016-17-ൽ 200.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

## 4. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി / പരിശീലനം

**(എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം)**

പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകി അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനായി അവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകി അവരുടെ കഴിവുകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കും ഉദ്യോഗാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കും, കേന്ദ്ര സംസ്ഥാന സർവ്വീസുകളിലും പൊതു മേഖലാസ്ഥാപനങ്ങളിലും ജോലിക്കുമുള്ള മത്സര പരീക്ഷകൾക്കും പരിശീലനത്തിനായുള്ള സാമ്പത്തിക സഹായം നൽകുന്നു. 5000 രൂപ മുതൽ 50000 രൂപാ വരെ പരിശീലന ചെലവിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നു. 2016-17-ൽ 550 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്.

## 5. ഓഫീസ് യന്ത്രവൽക്കരിക്കുന്നതിനാവശ്യമായ സാമഗ്രികളും അതിന്റെ നടത്തിപ്പും

സിസി ടിവി പോലെയുള്ള പുതിയ ഓഫീസ് സാമഗ്രികളും ഫയലുകളും കൈകാര്യം ചെയ്യുന്ന രീതികൾ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള ഓഫീസുകളുമായി പരസ്പരം പ്രവർത്തിക്കുന്ന ഫയൽ ട്രാക്കിംഗ് രീതികൾ, വകുപ്പിലെ ഓഫീസർമാർക്കും സ്റ്റാഫുകൾക്കും ദേശീയതലത്തിൽ ഇൻസർവ്വീസ് പരിശീലന പരിപാടികൾ നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ 2016-17-ൽ 135.00 ലക്ഷം രൂപ ഈ പരിപാടിയ്ക്കായി വകയിരിത്തിയിട്ടുണ്ട്.

## 6. പൊതുമേഖല സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിലുകൾ

ആഗോളവത്കരണത്തിന്റെ ഫലമായി ഓട്ടോ മൊബൈൽ നിർമ്മാണ പരിതസ്ഥിതികളിൽ വളരെയേറെ മാറ്റം സംഭവിക്കുയും അന്തർദേശീയതലത്തിലും ദേശീയതലത്തിലുമുള്ള കാർ നിർമ്മാണ രംഗത്ത് മത്സരങ്ങൾ വർദ്ധിക്കുകയും ചെയ്തു. ആഗോളവത്കരണം ഉയർന്ന ചെലവിന്റെ സമ്മർദ്ദങ്ങൾ നിർമ്മാതാക്കളിൽ ഏല്പിക്കുന്നു. എന്നതാണ് ആട്ടോമോട്ടീവ് മേഖലയിലുള്ള പ്രധാനപ്പെട്ട പ്രവണത. അതുകൊണ്ട് അവർ ചെലവ് കുറഞ്ഞ നിർമ്മാണ രീതികൾ കണ്ടുപിടിക്കാൻ ശ്രമിക്കുകയും ഗുണമേന്മയും

ലാഭകരമായ രീതികൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നു. ഈ വളർച്ച ഓട്ടോ മൊബൈൽ രംഗത്ത് തൊഴിൽ തേടുന്നവർക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു. ഐ.ടി.ഐ/ഐ.ടി.സി ഡിപ്ലോമ പാസ്സായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രൊഫഷണൽ പരിശീലനം നൽകുകയും മാസം 5000 രൂപ വീതം സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കമ്പനി അനുയോജ്യമായ തൊഴിലുകൾ ഉറപ്പു നൽകുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2016-17-ൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**7. പരമ്പരാഗത ബാർബർഷോപ്പുകളുടെ നവീകരണം**

പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്ക് ഗ്രാമീണമേഖലയിലെ ഷോപ്പുകൾ നവീകരിക്കുന്നതിനും ആധുനീകരിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി 2015-16-ൽ തുടക്കമിട്ടു. ഒരു കുടുംബത്തിന് 25000 രൂപ വരെ സഹായധനം ലഭ്യമാകും. 2016-17-ൽ 255 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**8. പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം**

പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും ടൂൾകിറ്റ് നൽകുന്നതിനുമായി 2016-17-ൽ ആവിഷ്ക്കരിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ്. 2016-17-ൽ 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**9. പരമ്പരാഗത വിശ്വകർമ്മ പെൻഷൻ**

60 വയസ്സു കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പരമ്പരാഗത വിശ്വകർമ്മജർക്ക് പ്രതിമാസം 500 രൂപ പെൻഷൻ അനുവദിക്കുന്ന പദ്ധതി.

******

S.O